പറ്റിയുള്ള വിവരവും പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, 19-2-2013-ലെ 21145/എ. ആർ. 12(1)/12/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 6-ൽ നിഷ്കർഷിച്ചിട്ടുള്ള വിധമുള്ള നോട്ടീസ് ബോർഡ് പ്രദർശിപ്പിക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം

18 (3649) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) 2013-14 സാമ്പത്തിക വർഷം കോർപ്പറേഷന് അനുവദിച്ച ഫണ്ട് എത്രയെന്ന് അറിയിക്കുമോ ;

(സി) അനുവദിച്ച തുകയിൽ ഏതൊക്കെ സ്കീമിലായി എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) വിവിധ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം സമുദായ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ഇ) മുന്നോക്ക വിഭാഗത്തിലെ പിന്നോക്കക്കാരെ നിശ്ചയിക്കുന്ന മാനദണ്ഡം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന് പ്ലാൻ ഫണ്ടായി 10 കോടി രൂപ അനുവദിച്ചിരുന്നു.

(സി)	സ്കോളർഷിപ്പ്	...	300 ലക്ഷം
	കോച്ചിംഗ് ക്ലാസ്സുകൾ	...	100 ലക്ഷം
	ഡാറ്റാബാങ്ക് സർവ്വേ	...	50 ലക്ഷം
	ഓപ്പറേഷണൽ കോസ്റ്റ്	...	50 ലക്ഷം
	മൂലധന സഹായം	...	500 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ സ്കീമുകൾക്കും ആനുകൂല്യം ലഭിച്ചവരുടെ സമുദായ അടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു :

ബിരുദതല സ്കോളർഷിപ്പ് സ്കീം:

നായർ	...	1462
റോമൻ കത്തോലിക്കർ	...	425
ബ്രാഹ്മണർ	...	47
യാക്കോബായ	...	40
ശൈവ വെള്ളാള	...	30
നമ്പ്യാർ	...	14
മറ്റുള്ളവർ	...	339

ബിരുദാനന്തര ബിരുദതല സ്കോളർഷിപ്പ് സ്കീം:

നായർ	...	976
റോമൻ കത്തോലിക്കർ	...	198
ബ്രാഹ്മണർ	...	45
യാക്കോബായ	...	41
ഗൗഡസാരസ്വത ബ്രാഹ്മണർ	...	19
ഓർത്തഡോക്സ്	...	13
നമ്പ്യാർ	...	17
ശൈവ വെള്ളാള	...	10
മറ്റുള്ളവർ	...	83

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ലെവൽ സ്കോളർഷിപ്പ് :

നായർ	...	20
റോമൻ കത്തോലിക്കർ	...	7
ബ്രാഹ്മണർ	...	6
മറ്റുള്ളവർ	...	15

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലന സഹായ പദ്ധതി :

നായർ	...	344
റോമൻ കത്തോലിക്കർ	...	116
ബ്രാഹ്മണർ	...	11
യാക്കോബായ	...	24
നമ്പ്യാർ	...	11
മറ്റുള്ളവർ	...	42

ബാങ്ക്/പി.എസ്.സി/യു.പി.എസ്.സി പരീക്ഷ പരിശീലന സഹായ പദ്ധതി:

നായർ	...	398
റോമൻ കത്തോലിക്കർ	...	65
ബ്രാഹ്മണർ	...	9
യാക്കോബായ	...	11
മാർത്തോമ	...	13
ഓർത്തഡോക്സ്	...	12
മറ്റുള്ളവർ	...	24

(ഇ) സാമ്പത്തികമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലാണ് മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരെ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 2 ലക്ഷം രൂപവരെ കുടുംബ വാർഷിക വരുമാനമുള്ളവരെയാണ് കേരള സംസ്ഥാന മുന്നോക്കസമുദായക്ഷേമ കോർപ്പറേഷന്റെ പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ളത്.

മുൻകൂർ അനുമതിയില്ലാതെ വിദേശരാജ്യങ്ങൾ സന്ദർശനം

19 (3650) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏതെല്ലാം വിദേശരാജ്യങ്ങൾ സന്ദർശിക്കാമെന്ന് വിശദമാക്കാമോ ;